പോക്കറ്റിൽനിന്ന് കാശെടുത്ത് കുടിവെള്ളമെത്തിച്ചവർ, റോഡ് വെട്ടിയ ആളുകൾ, ഇവരൊക്കെ നമ്മുടെ മുന്നിലുണ്ട്. ഈ സഭയിൽ മെമ്പറായിട്ടുള്ള അളുകളിൽ പലരും, ഞാനുൾപ്പെടെ പഞ്ചായത്ത് പ്രസിഡന്റായും, മെമ്പർമാരായും ദീർഘകാലം ഈ രംഗത്ത് സേവനമനുഷ്ഠിച്ചവരാണ്. ഇവർക്ക് പെൻഷൻ നൽകുന്നകാര്യം വളരെ ഗൗരവമായി കാണണം. ഈ ഗവൺമെന്റിന്റെ മുഖമുദ്രതന്നെ കണ്ണുനീരൊപ്പിക്കുന്നവന്റെ കണ്ണുനീർ തുള്ളികൾ ഒപ്പുക എന്നുള്ളതാണ്. നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയ ഗവൺമെന്റാണ്, അതുകൊണ്ടുതന്നെ ഈ പാവങ്ങൾക്ക്. മറ്റൊരു പെൻഷനുമില്ലാത്ത ആളുകൾക്ക്, പഞ്ചായത്ത് പ്രസിഡന്റുമാർക്ക് 1,500 രൂപയും, മെമ്പർമാർക്ക് 1,000 രൂപയെങ്കിലും, നാമമാത്രമായ തുക നൽകുന്നതിനുള്ള സത്വരമായ നടപടി ഉണ്ടാകണം. ഒരു കാരണവശാലും നീട്ടിക്കൊണ്ടുപോകാതെ ഈ പാവങ്ങൾക്ക് ഒരു നേരത്തെ കഞ്ഞിക്കുള്ള, ഒരുതുള്ളി മരുന്നിനുള്ള സഹായമെത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻജനപ്രതിനിധികളുടെ കാര്യം വളരെ ഗൗരവമായി ഈ സർക്കാർ കാണുന്നു. അവർക്ക് ഐഡന്റിറ്റി കാർഡ് നൽകാൻ തീരുമാനിക്കുകയും അതിന്റെ വിതരണം കോഴിക്കോട് ഒരു പരിപാടിയിൽവച്ച് നിർവ്വഹിക്കുകയും ചെയ്തു. അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും പ്രീമിയം അടച്ചുകൊടുക്കാമെന്നുള്ള ധാരണയിൽ ലേബർ ഡിപ്പാർട്ടുമെന്റുമായി ചേർന്നുകൊണ്ട് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിരിക്കുകയാണ്. പെൻഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ, 60 വയസ്സ് കഴിഞ്ഞ, മറ്റൊരു പെൻഷനും വാങ്ങിക്കാത്ത, 5 വർഷം പൂർത്തിയാക്കിയ മുൻജനപ്രതിനിധികൾക്ക്, 1,000 രൂപാനിരക്കിൽ പെൻഷൻ അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതിനുവേണ്ടി മന്ത്രിസഭയിലേക്ക് മുഖ്യമന്ത്രി ആ പദവി സമർപ്പിച്ചിട്ടുണ്ട്. മന്ത്രിസഭാ തീരുമാനം വരുന്നതനുസരിച്ച് ഈ കാര്യത്തിൽ അന്തിമ തീരുമാനമെടുത്ത് ഉത്തരവിറക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

11. കൊടകര-കുഴിക്കാണി പ്രദേശത്തെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ഗ്രാമപഞ്ചായത്തിലെ 3, 4 വാർഡുകളോട് ചേർന്നുകിടക്കുന്നതും ഇപ്പോൾ 11.00 AM] മറ്റത്തൂർ പഞ്ചായത്തിലെ 19-ാം വാർഡിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കൊടകര-കുഴിക്കാണി പ്രദേശത്തെ, കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിനായി കൊടകര-മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളുടെ തീരുമാനങ്ങളും അപേക്ഷയും തൃശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ അനുകൂലമായ റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. കൊടകര പഞ്ചായത്ത് ഓഫീസിൽനിന്നും ഒരു കിലോമീറ്റർ താഴെമാത്രം ദൂരത്തായും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽനിന്നും ആറ് കിലോമീറ്റർ ദൂരത്തായും സ്ഥിതിചെയ്യുന്ന കൊടകര ഗ്രാമപഞ്ചായത്തിന്റെ മൂന്ന്, നാല് വാർഡുകളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇറങ്ങിക്കിടക്കുന്നതും ഭൂമിശാസ്ത്രപരമായി കൊടകര പഞ്ചായത്തിനോട് ചേരേണ്ടതുമായ ഈ പ്രദേശം വികസനമെത്താതെ ഒറ്റപ്പെട്ടുകിടക്കുന്ന അവസ്ഥയിലാണ്. മറ്റത്തൂർ പഞ്ചായത്തിന്റെ തെക്ക്-പടിഞ്ഞാറ് ഭാഗത്തുള്ള കുഴിക്കാണി തോടിനെ അതിർത്തിയായി കണക്കാക്കി കൊടകര-കുഴിക്കാണി പ്രദേശത്തെ എഴുപതിലധികം വരുന്ന കുടുംബങ്ങളുടെ സൗകര്യാർത്ഥവും അവരുടെ ദീർഘകാലത്തെ ആവശ്യവും കണക്കിലെടുത്ത് പ്രസ്തുത പ്രദേശത്തെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 4 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിഭജിച്ചെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല. കൊടകര-മറ്റത്തൂർ പഞ്ചായത്തുകളിലെ നിലവിലെ ഭരണസമിതിയുടെ കാലാവധി 2015 ഒക്ടോബറിലാണ് അവസാനിക്കുന്നത്. ഈ സാഹചര്യത്തിൽ 2015-ൽ നടപ്പാക്കാനിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി ഈ വിഷയത്തിൽ ഉചിതമായ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

12. തസ്തിക സൃഷ്ടിച്ചതിലെ അപാകത

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, 2011-12 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ കുറേ ഹയർ സെക്കൻഡറി സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുകയുണ്ടായി. ഒരുകൊല്ലം കഴിഞ്ഞതിനുശേഷം 15-7-2013-ലാണ് തസ്തിക സൃഷ്ടിച്ചത്. എന്നാൽ ആ ഉത്തരവിൽ എല്ലാ വിദ്യാലയങ്ങളിലും അർഹതപ്പെട്ട തസ്തികകൾ അനുവദിച്ചില്ല. അദ്ധ്യാപകരും സംഘടനകളും ദീർഘകാലമായി നിവേദനം നടത്തിയെങ്കിലും ഫലമുണ്ടായില്ല. അവസാനമായി 3-7-2014-ൽ ഒരു തിരുത്തൽ ഉത്തരവ് പുറത്തിറക്കുകയുണ്ടായി. അതിലും കാര്യങ്ങൾ ശരിയായിട്ടില്ല. ഒരേ വിദ്യാലയത്തിൽത്തന്നെ ഒരു വിഷയത്തിൽ അധിക തസ്തികയും മറ്റൊരു വിഷയത്തിൽ അർഹതപ്പെട്ട തസ്തികയും കൊടുക്കാതെ വന്നിരിക്കുകയാണ്. അനോമലി പരിഹരിക്കാൻവേണ്ടി ഇറക്കിയ ഉത്തരവിലൂടെ അനോമലി പരിഹരിച്ചില്ലെന്ന് മാത്രമല്ല, വിവേചനമുണ്ടാക്കുകയുംകൂടി ചെയ്തിരിക്കുകയാണ്. പുതിയ ബാച്ചുകൾ അനുവദിക്കുന്നകാര്യം സജീവ പരിഗണനയിലാണ്. പുതിയ ബാച്ചുകൾ അനുവദിക്കുന്നതിന് മുൻപുതന്നെ രണ്ടുവർഷമായി ക്ലാസ് നടത്തിവരുന്ന ഇവരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 3-8-2012-ലെ ജി.ഒ. (എംഎസ്.) 167/11/പൊ.വി.വ. ഉത്തരവ് പ്രകാരം 2011-12 അദ്ധ്യയനവർഷത്തിൽ ഹയർ സെക്കൻഡറിയുടെ 550 അധിക ബാച്ചുകൾ അനുവദിക്കുകയുണ്ടായി. ഇതിൽ 368 അധിക ബാച്ചുകൾ എയ്ഡഡ് ഹയർ സെക്കൻണ്ടറി സ്കൂളുകളിലും അവശേഷിക്കുന്ന 182 ബാച്ചുകൾ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly